# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4585 — 21.03.2018 — ൽ മറുപടിക്ക്

## റേഷൻ കടകളിൽ ഇ-പോസ് മെഷീൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി :** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും 2018 മാർച്ച് 31നകം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീൻ സ്ഥാപിക്കാത്തപക്ഷം കേന്ദ്ര വിഹിതം നഷ്ടപ്പെടും എന്ന അറിയിപ്പ് കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) ഇല്ല. |
| (ബി) സംസ്ഥാനത്ത് എത്ര റേഷൻ കടകൾ ഉണ്ട്; കേന്ദ്രം നല്കുന്ന റേഷൻ വിഹിതം എത്ര; ആയത് സംസ്ഥാന ആവശ്യത്തിന് പര്യാപ്തമാണോ; വ്യക്തമാക്കുമോ; | (ബി) സംസ്ഥാനത്ത് 14345 റേഷൻ കടകളാണ് നിലവിലുള്ളത്. കേന്ദ്രം നല്കുന്ന റേഷൻ വിഹിതത്തിന്റെ അളവ് അനുബന്ധമായി ചേർക്കുന്നു.<br>2018 ജനുവരി മുതൽ മാർച്ച് വരെയുള്ള 3 മാസത്തേക്ക് 13908 KL മണ്ണെണ്ണയും അനുവദിച്ചിരുന്നു. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടൈഡ്ഓവർ വിഹിതം മുൻകാലങ്ങളിലെ അധിക വിഹിതം ഉൾപ്പെടെ എ.പി.എൽ വിഭാഗത്തിന് ലഭ്യമായിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ ആയത് സംസ്ഥാന ആവശ്യത്തിന് പര്യാപ്തമല്ല. |
| (സി) സംസ്ഥാനത്ത് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായുള്ള ചെലവ് എത്ര; ഏത് ഏജൻസിയാണ് ഇത് സ്ഥാപിക്കുന്നത്; ഇതിനായി കേന്ദ്ര സഹായം ലഭ്യമായോ; എങ്കിൽ എത്ര; വ്യക്തമാക്കുമോ; | (സി) സംസ്ഥാനത്ത് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതിനായുള്ള ചെലവ് 54.08 കോടി രൂപയാണ്. M/s Linkwell Telesystems Pvt. Ltd. എന്ന കമ്പനിയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്. ഇതിനായി കേന്ദ്രസഹായമൊന്നും ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാനത്ത് നാളിതുവരെ എത്ര റേഷൻ കടകളിൽ പ്രസ്തുത മെഷീൻ സ്ഥാപിച്ച കഴിഞ്ഞു; ആയത് ഫലപ്രദമാണോ എന്ന് പരിശോധിച്ചവോ; വിശദാംശം ലഭ്യമാക്കമോ? | (ഡി) | 14.03.2018 വരെ 4341 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കടകളിൽ ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം ആരംഭിച്ചിട്ടേയുള്ളൂ. ഇതിൽ കരുനാഗപ്പള്ളി താലൂക്കിൽ 2018 ജനുവരി മാസം മുതൽ 60 റേഷൻ കടകളിൽ ഇ-പോസ് വഴി വിതരണം ആരംഭിച്ചിരുന്നു. ആയതിന്റെ പ്രവർത്തനം ഫലപ്രദമാണ്. ശരാശരി 80% കാർഡുടമകൾക്ക് ആധാർ ആതന്റിക്കേഷൻ മുഖേന റേഷൻ വിതരണം നടത്താൻ സാധിച്ചു. |

*സെക്ഷൻ ഓഫീസർ*

# അനുബന്ധം

| വിഭാഗം | പ്രതിമാസം | | | പ്രതിവർഷം | | |
|---|---|---|---|---|---|---|
| | അരി | ഗോതമ്പ് | ആകെ | അരി | ഗോതമ്പ് | ആകെ |
| എ.എ.വൈ | 17757.490 | 3095.475 | 20852.965 | 213089.880 | 37145.700 | 250235.580 |
| മുൻഗണനാ വിഭാഗം | 52073.178 | 12533.742 | 64606.920 | 624878.136 | 150404.904 | 775283.040 |
| ടൈഡ്ഓവർ | 26835.124 | 6459.074 | 33294.198 | 322021.488 | 77508.888 | 399530.376 |
| ആകെ | 96665.792 | 22088.291 | 118754.083 | 1159989.504 | 265059.492 | 1425048.996 |